# അവകാശലംഘന പ്രശ്നങ്ങൾ

ചെയറിന്റെ പരിഗണനയിലിരിക്കുന്ന അവകാശലംഘന പ്രശ്നങ്ങൾ

1) 13.03.2017-ൽ സ്പീക്കർ നിയമസഭയിൽ നൽകിയ റൂളിംഗിന്റെ പേരിൽ സ്പീക്കറെ ആക്ഷേപിച്ചുകൊണ്ടും അന്യായമായ പക്ഷപാതം ആരോപിച്ചുകൊണ്ടും നിയമസഭാ സ്പീക്കർ എന്ന പദവിയെ മനഃപൂർവ്വം ഇകഴ്ത്തുന്ന തരത്തിലും അവമതിപ്പ് ഉണ്ടാകുന്ന തരത്തിലുമുള്ള പരാമർശങ്ങൾ അന്നേ ദിവസം 8.30 മണിക്ക് മാതൃഭൂമി ചാനലിൽ സംപ്രേഷണം ചെയ്ത പരിപാടിയിൽ ഉള്ളതായി ആരോപിച്ചുകൊണ്ട് പ്രസ്തുത പരിപാടിയിൽ പങ്കെടുത്തവർക്കും മറ്റ് ബന്ധപ്പെട്ടവർക്കുമെതിരെ അവകാശലംഘന പ്രശ്നം ഉന്നയിക്കുവാൻ അനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. സുരേഷ് കുറുപ്പ് ചട്ടം 155 പ്രകാരം നോട്ടീസ് നൽകിയിരുന്നു. നോട്ടീസ് ചെയറിന്റെ പരിഗണനയിലാണ്.

2) പതിനാലാം കേരള നിയമസഭയുടെ നടപ്പുസമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത 1645-ാം നമ്പർ ചോദ്യത്തിന് നൽകിയ മറുപടി മനഃപൂർവ്വം സഭയെ തെറ്റിദ്ധരിപ്പിക്കുന്നതാണെന്ന് ആരോപിച്ചുകൊണ്ട് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിക്കെതിരെ അവകാശലംഘന പ്രശ്നം ഉന്നയിക്കുവാൻ അനുമതി നൽകണമെന്ന് ആവശ്യപ്പെട്ട്

ബഹുമാനപ്പെട്ട അംഗം ശ്രീ. പി. സി. ജോർജ് ചട്ടം 155 പ്രകാരം നോട്ടീസ് നൽകിയിരുന്നു. പ്രസ്തുത നോട്ടീസും ചെയറിന്റെ പരിഗണനയിലാണ്.

**സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്**

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സഭ മുമ്പാകെ മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണ് എന്ന പ്രമേയം അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചു.

**അവലോകനം**

മി. സ്പീക്കർ: ഓർഡർ, ഓർഡർ.....,

പതിനാലാം കേരള നിയമസഭയുടെ നാലാം സമ്മേളനം ഇന്ന് അവസാനിക്കുകയാണ്. ഫെബ്രുവരി മാസം 23-ാം തീയതി ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തോടെയാണ് ഈ സമ്മേളനം ആരംഭിച്ചത്. 2017-18 വർഷത്തെ ബഡ്ജറ്റ് മാർച്ച് 3-ാം തീയതി സഭയിൽ അവതരിപ്പിക്കപ്പെട്ടു.

നാലാം സമ്മേളനം ആകെ 15 ദിവസമാണ് സമ്മേളിച്ചത്. അതിൽ ഗവൺമെന്റ് കാര്യങ്ങൾക്കായി 4 ദിവസവും അനൗദ്യോഗികാംഗങ്ങളുടെ കാര്യങ്ങൾക്കായി ഒരു ദിവസവും വിനിയോഗിച്ചു. ധനവിനിയോഗ ബില്ലുകളടക്കം

8 ബില്ലുകൾ ഈ സമ്മേളനത്തിൽ പാസ്സാക്കുകയും 2017-ലെ കേരള ധനകാര്യ ബിൽ സഭയിൽ അവതരിപ്പിക്കുകയും ചെയ്തു. 12 അടിയന്തര പ്രമേയങ്ങൾക്കുള്ള അവതരണാനുമതി നോട്ടീസ് സഭ പരിഗണിച്ചു. 390 നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളും 4205 നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളും അനുവദിച്ചിരുന്നു. 45 ചോദ്യങ്ങൾക്ക് മന്ത്രിമാർ വാക്കാൽ മറുപടി നൽകുകയുണ്ടായി. 24 ശ്രദ്ധക്ഷണിക്കൽ നോട്ടീസുകളിലൂടേയും 136 സബ്മിഷനുകളിലൂടെയും ജനങ്ങളുടെ വിവിധ പ്രശ്നങ്ങൾ സഭയിൽ ഉന്നയിക്കപ്പെട്ടു. ചട്ടം 300 അനുസരിച്ച് സമ്മേളനക്കാലയളവിൽ ബഹു. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ഒരു പ്രസ്താവന നടത്തുകയുണ്ടായി. തങ്ങളുടെ വകുപ്പുകളുമായി ബന്ധപ്പെട്ട എല്ലാ ചോദ്യങ്ങൾക്കും യഥാസമയം മറുപടി നൽകിക്കൊണ്ട് ബഹു. വൈദ്യുതി, ജലവിഭവം, കൃഷി, പൊതുമരാമത്തും രജിസ്ട്രേഷനും, മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും, തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും എന്നീ വകുപ്പുമന്ത്രിമാർ മാതൃകാപരമായ ഒരു സമീപനമാണ് കൈക്കൊണ്ടത് എന്ന് അറിയിക്കുവാൻ ചെയറിന് അങ്ങേയറ്റത്തെ സന്തോഷമുണ്ട്. ഇക്കാര്യത്തിൽ അവരെ അനുമോദിക്കുകയും ചെയ്യുന്നു. നിയമസഭാ ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭ്യമാക്കുന്നതിൽ മേൽ സൂചിപ്പിച്ച വകുപ്പുമന്ത്രിമാരുടെ മാതൃക എല്ലാ മന്ത്രിമാരും

സ്വീകരിക്കേണ്ടതാണെന്നും ഇനിയും മറുപടി നൽകാനുള്ള എല്ലാ ചോദ്യങ്ങൾക്കും പൂർണ്ണമായ മറുപടി ചട്ടം അനുശാസിക്കുന്ന വിധം യഥാസമയം ലഭ്യമാക്കുവാൻ ബഹുമാനപ്പെട്ട മന്ത്രിമാർ ശ്രദ്ധിക്കണമെന്നും ചെയർ ഓർമ്മിപ്പിക്കുന്നു. ചോദ്യങ്ങളുടെ നോട്ടീസിന്റെ രജിസ്ട്രേഷൻ മുതലുള്ള എല്ലാ ജോലികളും LAIS (Legislative Assembly Interpellation System) വഴി പൂർണ്ണമായി ഓൺലൈനായാണ് നിർവ്വഹിച്ചത്. സർവ്വശ്രീ തോമസ് ചാണ്ടി, കെ. എം. മാണി, പി. ജെ. ജോസഫ്, സി. എഫ് തോമസ്, റോഷി അഗസ്റ്റിൻ, ഡോ. എൻ. ജയരാജ്, മോൻസ് ജോസഫ്, ഒ. രാജഗോപാൽ, ഇ. കെ. വിജയൻ, വി. ടി. ബൽറാം, എ. പി. അനിൽകുമാർ, പി. കെ. ബഷീർ എന്നീ ബഹു. സാമാജികർ നാനൂറിലേറെ നോട്ടീസുകൾ ഓൺലൈനായി സമർപ്പിച്ചിരുന്നു. പ്രസ്തുത അംഗങ്ങളെ പ്രത്യേകം അഭിനന്ദിക്കുന്നതോടൊപ്പം എല്ലാ അംഗങ്ങളും LAIS പ്രയോജനപ്പെടുത്തണമെന്ന് ഈ അവസരത്തിൽ ഒരിക്കൽക്കൂടി ഓർമ്മപ്പെടുത്തുവാൻ ചെയർ ആഗ്രഹിക്കുന്നു.

ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനെതിരെ ഉയർന്നുവന്ന വധഭീഷണിക്കെതിരേയും കോട്ടയം ജില്ലയിലെ വെള്ളൂർ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിനെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചും രണ്ട് പ്രമേയങ്ങൾ ഈ സമ്മേളനത്തിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കുകയുണ്ടായി.

നിയമസഭാംഗമായി 50 വർഷം പൂർത്തീകരിച്ച ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. എം. മാണിയെ 15.03.2017-ന് സഭ അനുമോദിക്കുകയുണ്ടായി. കേരള നിയമസഭയുടെ വജ്രജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നടത്തുന്ന പ്രഭാഷണ പരമ്പരയുടെ ഉദ്ഘാടനവും നിയമസഭാംഗങ്ങൾക്കായുള്ള മൊബൈൽ ആപ്ലിക്കേഷന്റെ ലോഞ്ചിംഗും ഈ സമ്മേളനകാലത്തു തന്നെ നിർവ്വഹിക്കുവാൻ നമുക്ക് കഴിഞ്ഞു.

ഇ. അഹമ്മദ്, പി. വിശ്വംഭരൻ, ഹമീദലി ഷംനാദ്, എൻ.സി. സത്യപാലൻ എന്നീ മുൻ സാമാജികരുടേയും ഫിഡൽ കാസ്ട്രോ, ജെ. ജയലളിത, ഡോ. എം. ബാലമുരളീകൃഷ്ണ എന്നീ മഹദ് വ്യക്തിത്വങ്ങളുടെയും നിര്യാണത്തിൽ സഭ അനുശോചനം രേഖപ്പെടുത്തുകയുണ്ടായി.

ഈ സമ്മേളനം വിജയകരമായി പൂർത്തീകരിക്കാൻ സഹകരിച്ച സഭാനേതാവിനോടും മറ്റു മന്ത്രിമാരോടും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോടും മറ്റെല്ലാ അംഗങ്ങളോടും ചെയർ നന്ദി രേഖപ്പെടുത്തുന്നു. സമ്മേളന നടത്തിപ്പിനായി സഹകരിച്ച് പ്രവർത്തിച്ച നിയമസഭാ സെക്രട്ടേറിയേറ്റിലേതടക്കമുള്ള എല്ലാ ഉദ്യോഗസ്ഥർക്കും ചെയർ നന്ദി രേഖപ്പെടുത്തുന്നു. സമ്മേളനവുമായി സഹകരിച്ച എല്ലാ പത്ര-ദൃശ്യ മാധ്യമ പ്രവർത്തകർക്കും ചെയർ നന്ദി രേഖപ്പെടുത്തുന്നു.

ഓർഡർ...ഓർഡർ..... സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നു.

(സഭ ദേശീയ ഗാനാലാപനത്തോടെ ഉച്ചയ്ക്കുശേഷം 2.38-ന് അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.)

*******